# തിരുവിതാംകൂർ ദേവസ്വം ബോർഡ്

നന്തൻകോട്, തിരുവനന്തപുരം.

റഫറണ്ടം സെൽ,
തിരുവനന്തപുരം,
22-03-2016.

ആർ.ഒ.സി നമ്പർ 23 /16/ഇലക്ഷൻ

## ഇലക്ഷൻ സർക്കുലർ

വിഷയം- തിരുവിതാംകൂർ ദേവസ്വം ബോർഡിൽ 2.4.2016 ൽ നടക്കുന്ന ഹിതപരിശോധന സംബന്ധിച്ച്

സൂചന- 2.3.16 ലെ ആർ.ഒ.സി. 7/16/ ഇലക്ഷൻ നമ്പർ സർക്കുലർ.

തിരുവിതാംകൂർ ദേവസ്വംബോർഡിൽ 2.4.2016-ൽ നടക്കുന്ന ഹിതപരിശോധനയോടനുബന്ധിച്ച് പുറപ്പെടുവിച്ചിട്ടുള്ള വോട്ടേഴ്സ് ലിസ്റ്റിൽ ചിലരുടെ ലീൻ ഒരു സ്ഥലത്തും അവർ ഡ്യൂട്ടി വ്യവസ്ഥയിൽ ജോലി നോക്കുന്നത് മറ്റൊരു സ്ഥലത്തുമാണ്. ഇപ്രകാരം ഡ്യൂട്ടി വ്യവസ്ഥയിൽ മറ്റൊരാഫീസിലോ ദേവസ്വത്തിലോ ജോലിനോക്കുന്നവർക്ക് അവർ ഡ്യൂട്ടി നോക്കുന്ന ആഫീസിന്റെ കീഴിലുള്ള ബൂത്തുകളിൽ വോട്ട് രേഖപ്പെടുത്താവുന്നതാണ്. എന്നാൽ അപ്രകാരം വോട്ട് രേഖപ്പെടുത്തുന്നതിന് അവരുടെ ലീൻ നിലനിൽക്കുന്ന ഓഫീസിലെ മേലധികാരിയിൽ നിന്നും (ദേവസ്വം ഉദ്യോഗസ്ഥരെ സംബന്ധിച്ച് അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർമാരിൽ നിന്നും) ഡ്യൂട്ടി വ്യവസ്ഥയിൽ ജോലിനോക്കിവരുന്നവരാണെന്ന് (ഏത് ആഫീസിൽ/ദേവസ്വത്തിൽ ഡ്യൂട്ടി നോക്കുന്നു എന്ന് വ്യക്തമാക്കിയിരിക്കണം) ഒരു സർട്ടിഫിക്കറ്റ് വാങ്ങി തങ്ങൾ ഡ്യൂട്ടി നോക്കുന്ന സ്ഥലത്തെ പ്രിസൈഡിംഗ് ഓഫീസർക്ക് നൽകി വോട്ട് ചെയ്യാവുന്നതാണ്.

മേലധികാരികൾ ഇപ്രകാരം എത്രപേർക്ക് സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ട് എന്ന വിവരം (വോട്ടേഴ്സ് ലിസ്റ്റിലെ ക്രമനമ്പർ, പേര്, ലാവണം, ദേവസ്വം/ഓഫീസ് എന്നിവ സഹിതം) അതത് ബൂത്തിലെ പ്രിസൈഡിംഗ് ഓഫീസർക്ക് വോട്ടെടുപ്പ് തുടങ്ങുന്നതിന് മുമ്പ് നൽകിയിരിക്കേണ്ടതാണ്. പ്രിസൈഡിംഗ് ഓഫീസർമാർ ഇവരുടെ പേര് വോട്ടേഴ്സ് ലിസ്റ്റിൽ ചുവന്നമഷിയിൽ മാർക്ക് ചെയ്യേണ്ടതാണ്. ഒരാൾ ഒന്നിൽ കൂടുതൽ വോട്ട് ചെയ്യാതിരിക്കുന്നതിനുവേണ്ടിയുള്ള നടപടി കൂടിയാണിത്. വോട്ടർമാർ ഹാജരാക്കുന്ന ഇത്തരം സർട്ടിഫിക്കറ്റുകൾ പ്രിസൈഡിംഗ് ഓഫീസർമാർ ശേഖരിച്ച് വോട്ടെടുപ്പ് കഴിഞ്ഞ് നിരീക്ഷകരെ ഏൽപ്പിക്കേണ്ടതുമാണ്.

റിട്ടേണിംഗ് ഓഫീസർ

പകർപ്പ്

എല്ലാ ഓഫീസ് മേധാവികൾക്കും
എല്ലാ പ്രിസൈഡിംഗ് ഓഫീസർമാർക്കും.